**പതിനഞ്ചാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**
**ബഹു സ്പീക്കറുടെ റൂളിംഗ്**

28-07-2021

**(2) ചട്ടവിരുദ്ധമായി ഉത്തരവിറക്കിയത് സംബന്ധിച്ച്**

2021 ജൂലൈ 28-ാം തീയതി സബ്മിഷനുശേഷം, 1964-ലെ ഭൂപതിവ് ചട്ടത്തിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നടപടിക്രമം പാലിക്കാതെ ചട്ടം ഭേദഗതി ചെയ്യുന്നത് റൂൾ 166-ന്റെ ലംഘനമാണെന്നും 2020 ഒക്ടോബർ 24-ലെ ഉത്തരവിൽ 2005-ലെ മരംമുറിയുമായി ബന്ധപ്പെട്ട നിയമത്തിലെ 6-ാം വകുപ്പിന്റെ ലംഘനമാണ് നടന്നിട്ടുള്ളതെന്നും പ്രസ്തുത വകുപ്പിലെ ആദ്യഭാഗം കർഷകർക്ക് അവരുടെ പറമ്പിൽ പട്ടയം കിട്ടിയതിനുശേഷം മുളച്ചതും പിന്നീട് നട്ടുവളർത്തിയതുമായ ചന്ദനമൊഴിച്ചുള്ള മരങ്ങൾ മുറിക്കാമെന്നും രണ്ടാമത്തെ ഭാഗം ഗവൺമെന്റ് പട്ടയം നൽകുമ്പോൾ ആ ഭൂമിയിൽ ഉണ്ടായിരുന്ന മരങ്ങൾ മുറിക്കാൻ പാടില്ലെന്നുമാണെന്നും മരംമുറിക്കാൻ ലൈസൻസ് കൊടുക്കുന്നതിന് 6-ാം വകുപ്പിന്റെ രണ്ടാം ഭാഗം ഉത്തരവിൽനിന്ന് ഒഴിവാക്കിയത് ആക്ടിന്റെ ലംഘനമാണെന്നും പ്രതിപക്ഷനേതാവ് ക്രമപ്രശ്നം ഉന്നയിച്ചു.

1964-ലെ ഭൂപതിവ് ചട്ടപ്രകാരം കർഷകർക്ക് പതിച്ചുകൊടുത്ത

ഭൂമിയിൽ അവർ നട്ടുവളർത്തിയതോ കിളിർത്തു വളർന്നതോ പണമടച്ച് റിസർവ് ചെയ്തതോ ആയ വൃക്ഷങ്ങളുടെ അവകാശം കർഷകർക്ക് തന്നെയാണെന്നും വിജ്ഞാപനം ചെയ്യാത്ത വനേതര പ്രദേശത്ത് നിൽക്കുന്ന ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിച്ചുമാറ്റാൻ ഉടമസ്ഥന് അവകാശമുണ്ടെന്നും ഇക്കാര്യം വ്യക്തമാക്കിക്കൊണ്ടുള്ള ഉത്തരവുമാത്രമാണ് 24-10-2020-ന് പുറപ്പെടുവിച്ചതെന്നും റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി +.

"1964-ലെ ഭൂപതിവ് ചട്ടം, 2005-ലെ കേരള പ്രൊമോഷൻ ഓഫ് ട്രീ ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ഏരിയ ആക്ട്, 2003-ലെ ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രജൈൽ ലാൻഡ്) ആക്ട് എന്നിവയിലെ വ്യവസ്ഥകൾക്ക് സ്പഷ്ടീകരണം നൽകുന്ന ടി സർക്കാർ ഉത്തരവിന് ചട്ടഭേദഗതിയുടെ സ്വഭാവമുള്ളതായി കാണുന്നില്ല. ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല."